**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **06.03.2020-ൽ മറുപടിയ്ക്ക്**

## ഗതാഗത പരിശോധന കർശനമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എം. നൗഷാദ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, കെ.യു. ജനീഷ് കുമാർ<br>,, ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റോഡ് സൗകര്യത്തിന് ആനുപാതികമല്ലാത്ത വാഹന സാന്ദ്രതയും വാഹനമോടിക്കുന്നവരുടെ വൈദഗ്ധ്യക്കുറവും അശ്രദ്ധയും അഹങ്കാരവും റോഡപകടങ്ങളുടെ നിരക്ക് വലിയ തോതിൽ വർദ്ധിക്കാനിടയാക്കിയിട്ടുള്ളതിനാൽ ഗതാഗത പരിശോധന കർശനമാക്കാൻ നടപടിയുണ്ടാകുമോ | (എ) | അച്ചടക്കരാഹിത്യമുള്ള ഡ്രൈവിംഗ് സംസ്കാരവും നിയമലംഘനവും അടക്കമുള്ള കാരണങ്ങളാൽ റോഡപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മോട്ടോർ വാഹനവകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതു കൂടാതെ ആയത് ദുർബ്ബലമാകാതെ തുടർ പ്രക്രിയയാക്കി വീഴ്ച കൂടാതെ ജാഗ്രത നിലനിർത്തി പോരുന്നതിന് ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തര യോഗം നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹനവകുപ്പിലേയും പോലീസ് വകുപ്പിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംയുക്ത പരിശോധനായജ്ഞം 01/03/2020 മുതൽ മൂന്നു മാസത്തേക്ക് നടപ്പിലാക്കാനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വാഹനങ്ങൾക്ക് രൂപമാറ്റം വരുത്തുന്നതും അമിത പ്രകാശമുള്ള നിരോധിത ലൈറ്റുകൾ ഉപയോഗിക്കുന്നതും സാധാരണമായിത്തീർന്നതിനാൽ അപകടകാരണമായ ഇത്തരം പ്രവൃത്തികൾ കർശനമായി തടയാൻ വേണ്ട ഇടപെടൽ നടത്തുമോ; | (ബി) | വാഹനങ്ങൾക്ക് രൂപമാറ്റം വരുത്തുന്നതും നിരോധിത ലൈറ്റുകൾ ഉപയോഗിക്കുന്നതിനുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃതമായി മോട്ടോർ വാഹനങ്ങളുടെ പാർട്ടുകൾ രൂപമാറ്റം വരുത്തിയാൽ ഓരോ പാർട്ടിനും 5000/- രൂപ വീതം പിഴ അടയ്ക്കേണ്ടതാണ്. |
| (സി) | സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ അടയാളപ്പെടുത്തി കഴിഞ്ഞതിനാൽ ഈ സ്ഥലങ്ങളിൽ അപകടം ആവർത്തിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തുമോ; നിരീക്ഷണ ക്യാമറയുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ ഗതാഗത നിയമ ലംഘകർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേരള റോഡ് സുരക്ഷാ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, പോലീസ്, നാറ്റ്പാക്ക്. പൊതുമരാമത്ത് എന്നീ വകുപ്പുകൾ ചേർന്ന് ഒരു സംയുക്ത പരിശോധന ഇത്തരം മേഖലകളിൽ നടത്തിവരികയാണ്. ഈ പരിശോധനയ്ക്ക് ശേഷം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ പരിഹാര നടപടികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിഷയവും പരിഗണിക്കുന്നുണ്ട്. റോഡുകളിലെ അപകടസാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകളായി |

| | | | |
|---|---|---|---|
| | | | നിർണ്ണയിച്ചിട്ടുള്ളവയിൽ നാഷണൽ ഹൈവേകളിൽ പെട്ടവയുടെ പരിഹരിക്കൽ MoRTH ആണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ വിശദാംശങ്ങൾ നാഷണൽ ഹൈവേ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന ഹൈവേകളിലും മറ്റ് റോഡുകളിലും കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ പരിഹാര പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ 46 ബ്ലാക്ക് സ്പോട്ടുകൾ മുൻഗണന നൽകി പരിഹാര നടപടികൾ നടത്തിവരുന്നതിൽ 2020 ഫെബ്രുവരി 29-ലെ കണക്കുപ്രകാരം 16 ബ്ലാക്ക് സ്പോട്ടുകളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**